**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 125 — 07.08.2017 ൽ മറുപടിയ്ക്ക്

**കായംകുളം ഫിഷിംഗ് ഹാർബറിൽ അടിക്കടിയുണ്ടാകുന്ന അപകടങ്ങൾ**

| ചോദ്യം<br>ശ്രീ. ആർ.രാമചന്ദ്രൻ | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) ആലപ്പാട് ഗ്രാമപഞ്ചായത്തിലെ കായംകുളം ഫിഷിംഗ് ഹാർബറിൽ അടിക്കടിയുണ്ടാകുന്ന അപകടങ്ങളും ആൾനാശവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 03.07.2017-ന് ഹാർബറിലുണ്ടായ അപകടത്തെ തുടർന്ന് വള്ളം തകർന്ന് കാണാതായ അനിൽകുമാറിന്റെ മൃതദേഹം കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 03.07.2017-ന് ഹാർബറിലുണ്ടായ അപകടത്തെത്തുടർന്ന് കാണാതായ അനിൽകുമാറിനായി ഓച്ചിറ പോലീസ്, കോസ്റ്റൽ പോലീസ്, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റ് ഗാർഡ് എന്നിവരുടെ സഹായത്താൽ ബോട്ടും, ഹെലിക്കോപ്റ്ററും ഉപയോഗിച്ച് നടത്തിയ തിരച്ചിലിൽ ടിയാനെ ഇതുവരെ കണ്ടെത്താനായിട്ടില്ല. ഇത് സംബന്ധിച്ച് കോസ്റ്റൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ: 11/2017 u/s 174 CrPC & 57 (A) of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. |
| (ബി) ഇവിടെയുണ്ടാകുന്ന അപകടങ്ങളിൽപ്പെടുന്ന മത്സ്യതൊഴിലാളികൾക്ക് അടിയന്തര സഹായം എത്തിക്കുന്നതിനും ഹാർബറിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും വേണ്ടി ഒരു കോസ്റ്റൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?<br><br>(സി) അടിയന്തരമായി ഒരു പോലീസ് ഔട്ട് പോസ്റ്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) & (സി) മത്സ്യതൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി വർഷം മുഴുവൻ ആലപ്പുഴ, കൊല്ലം ജില്ലകളിൽ റെസ്ക്യൂ ബോട്ട് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ആലപ്പുഴ ജില്ലയിൽ ഫിഷറീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കോസ്റ്റൽ പോലീസ് സ്റ്റേഷൻ, പോലീസ് ഔട്ട് പോസ്റ്റ് എന്നിവ സ്ഥാപിക്കുന്നത് നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ